LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ. വായ്പാ നടപടിക്രമങ്ങൾ

148 (7984) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. കൊള്ളപ്പലിശയാണ് ഈടാക്കുന്നതെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.എഫ്.ഇ.-യിൽ നിന്നും വായ്പ ലഭിക്കുന്നതിനും ചിട്ടികൾ കരസ്ഥമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് സാധാരണക്കാർക്ക് കൂടുതൽ സഹായം നല്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. കൊള്ളപ്പലിശ ഈടാക്കുന്നില്ല. റിസർവ് ബാങ്കിന്റെയും സംസ്ഥാന സർക്കാരിന്റെയും നിബന്ധനകൾക്കനുസരിച്ചുള്ള പലിശ മാത്രമേ ഈടാക്കുന്നുള്ളൂ.

(ബി) കെ.എസ്.എഫ്.ഇ.-യിൽനിന്നും വായ്പ അനുവദിക്കുന്നതിനും ചിട്ടിയുടെ ലഭ്യമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ പരിശോധിച്ച് ലഘൂകരിക്കാറുണ്ട്. ചിട്ടി പണം കൈപറ്റുമ്പോൾ ഭാവിയിലടക്കാനുള്ള തുകയുള്ള ആൾ ജാമ്യ പരിധി 2012 ഏപ്രിൽ മുതൽ 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വസ്തു ജാമ്യ പരിധി ഒരു കോടി രൂപയിൽനിന്നും 2.5 കോടി രൂപയായി വർദ്ധിപ്പിച്ചു. സ്വർണ്ണപ്പണയ വായ്പ 3 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായും വ്യക്തിഗത വായ്പ 10 ലക്ഷം രൂപയിൽനിന്നും 15 ലക്ഷം രൂപയായും കൺസ്യൂമർ ലോൺ 10 ലക്ഷം രൂപയിൽനിന്നും 15 ലക്ഷം രൂപയായും ഭവന വായ്പ 25 ലക്ഷം രൂപയിൽനിന്നും 50 ലക്ഷം രൂപയായും ചിട്ടി വായ്പ 25 ലക്ഷം രൂപയിൽനിന്നും 75 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സുഗമ അക്ഷയ ഓവർ ഡ്രാഫ്റ്റ് 1 ലക്ഷം രൂപയിൽനിന്നും പരമാവധി 2 ലക്ഷം രൂപയാക്കിയിട്ടുണ്ട്. ബ്രാഞ്ചുതലത്തിലും റീജിയണൽ ഓഫീസ് തലത്തിലും അനുവദിക്കാവുന്ന ചിട്ടി/വായ്പ തുകയുടെ പരിധിയിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

കേന്ദ്ര ചിട്ടി നിയമവും കെ.എസ്.എഫ്.ഇ.-യുടെ സാമ്പത്തിക നഷ്ടവും

149 (7985) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കിയപ്പോൾ കെ.എസ്.എഫ്.ഇ.-ക്ക് ലഭിച്ചിരുന്ന പ്രത്യേക സംരക്ഷണവും ഇളവുകളും നഷ്ടമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;